ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM **DATE:20.06.2024**

പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ജമ്മു കശ്മീർ സന്ദർശനത്തിന് ഇന്ന് തുടക്കം; കേന്ദ്ര സർവീസിൽ ജോലി ലഭിച്ച 2,000 പേർക്കുള്ള നിയമന ഉത്തരവുകൾ പ്രധാനമന്ത്രി കൈമാറും.

2. സാമൂഹ്യ ക്ഷേമ പെൻഷൻ സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്.

3. സംസ്ഥാനത്ത് വ്യാജ ജൈവ ഉത്പന്നങ്ങളുടെ വില്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി മന്ത്രി പി.പ്രസാദ്.

4. തമിഴ്നാട്ടിൽ വ്യാജമദ്യ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 30 കടന്നു; ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച് തമിഴ്നാട് സർക്കാർ.

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ ദേശീയ ദുരന്ത പ്രതികരണ സേന കേരളത്തിലേക്ക്..

&&&&&&&&&&&&&&&&&&&

RNU TVPM

പ്രധാനമന്ത്രി - ജമ്മു കശ്മീർ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ജമ്മു കശ്മീർ സന്ദർശനത്തിന് ഇന്ന് തുടക്കം. 1,500 കോടി രൂപയുടെ 84 പ്രധാന വികസന പദ്ധതികളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. യുവാക്കളുടെ ശാക്തീകരണം ലക്ഷ്യമിട്ട് ശ്രീനഗറിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. കേന്ദ്ര സർവീസിൽ ജോലി ലഭിച്ച 2,000 പേർക്കുള്ള നിയമന ഉത്തരവുകൾ അദ്ദേഹം കൈമാറും. കാർഷിക - അനുബന്ധ മേഖലയിലെ മത്സരക്ഷമത വർധിപ്പിക്കുന്നതിനുള്ള 1,800 കോടി രൂപയുടെ പദ്ധതിക്കും ശ്രീ മോദി തുടക്കം കുറിക്കും. നാളെ 10-ാമത് അന്താരാഷ്ട്ര യോഗ ദിന പരിപാടിക്ക് നേതൃത്വം നൽകുന്ന പ്രധാനമന്ത്രി ശ്രീനഗറിൽ പൊതുസമൂഹത്തെ അഭിസംബോധന ചെയ്യും.

RNUTVPM

&&&&&&&&&&&&&&&&&&&&

നിയമസഭ - അടിയന്തിര പ്രമേയം

നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. സംസ്ഥാനത്തെ സാമൂഹ്യ ക്ഷേമ പെൻഷൻ സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. പെൻഷൻ കുടിശിക വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്തു നിന്ന് പിസി വിഷ്ണുനാഥ് ആണ് അടിയന്തര പ്രമേയത്തിന് അവതരണ അനുമതി തേടിയത്. സാമൂഹ്യ സുരക്ഷാ പെൻഷൻ പൗരന്റെ ഘടനാപരമായ അവകാശമാണ് എന്ന് പി സി വിഷ്ണുനാഥ് പറഞ്ഞു. ഇത്തരം പദ്ധതികളിൽ നിന്ന് സർക്കാർ പിന്മാറുമോയെന്ന ആശങ്കയും അദ്ദേഹം പങ്കു വച്ചു. നിരവധി

സാമൂഹ്യ ക്ഷേമ പെൻഷനുകൾ സംസ്ഥാനത്ത് മുടങ്ങിക്കിടക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. കഴിഞ്ഞ മൂന്നു മാസത്തിനിടെ സാമൂഹ്യ സുരക്ഷാ പെൻഷന്റെ നാല് ഗഡു വിതരണം ചെയ്തതായി മന്ത്രി കെ എൻ ബാലഗോപാൽ മറുപടി നൽകി. അടുത്ത ഗഡു ഈ മാസം വിതരണം ചെയ്യുമെന്നും 5 മാസത്തെ കുടിശിക സമയ ബന്ധിതമായി കൊടുത്തു തീർക്കുമെന്നും മന്ത്രി അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോകുകയായിരുന്നു.

&&&&&&&&&&&&&&&&&&

RNU TVPM

നിയമസഭ - പി പ്രസാദ്

ജൈവകൃഷി രീതിയോടൊപ്പം നാച്ചുറൽ ഫാമിംഗ് കൂടി പ്രോത്സാഹിപ്പിക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ്. നിയമസഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പോഷക സമൃദ്ധി മിഷനും ജൈവ കാർഷിക മിഷനും ഏകോപിപ്പിച്ച് നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു. വ്യാജ ജൈവ ഉത്പന്നങ്ങളുടെ വില്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും ശ്രീ പ്രസാദ് അറിയിച്ചു. കാർഷിക ഉത്പന്നങ്ങൾക്കുള്ള ജൈവ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

നിയമസഭ - ആർ.ബിന്ദു

ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ കേരളത്തിന് പുറത്തേക്ക് പോകുന്നത് ഒഴിവാക്കാൻ നിരവധി പ്രവർത്തനങ്ങളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് മന്ത്രി ആർ ബിന്ദു. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായും മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു. ഇതിന്റെ ഭാഗമായാണ് നാലുവർഷ ബിരുദം, പുതുതലമുറ കോഴ്സുകൾ, ഇൻഡസ്ട്രി ഓൺ ക്യാമ്പസ് തുടങ്ങിയവ നടപ്പാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

യോഗ ദിനം - കണ്ണൂർ

RNUTVPM

അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷന്റെ നേതൃത്വത്തിൽ കണ്ണൂർ ഇരിക്കൂറിൽ നാളെ യോഗ പ്രദർശനവും ക്ലാസ്സും സംഘടിപ്പിക്കും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റ് റോബർട്ട് ജോർജ് ഉദ്ഘാടനം ചെയ്യും. ബ്ലോക്ക് പഞ്ചായത്തും ഐ സി ഡി എസും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

യോഗ വയനാട്-ഇൻട്രോ

പ്രായം ഒരു സംഖ്യ മാത്രമാണെന്നും മനസ്സുണ്ടെങ്കിൽ ശരീരം അതിനൊപ്പം നീങ്ങുമെന്നും തെളിയിക്കുകയാണ് വയനാട്ടിലെ ഒരു കൂട്ടം അമ്മമാർ. യോഗ ദിനചര്യയുടെ ഭാഗമാക്കിയതോടെ

ജീവിതം ആരോഗ്യകരമായെന്ന് 75 ഉം 80 ഉം വയസുള്ള ഈ അമ്മമാർ പറയുന്നു.

ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് തയ്യാറാക്കിയ റിപ്പോർട്ട്.....

&&&&&&&&&&&&&&&&&&&

ലോക അഭയാർത്ഥി ദിനം.

ഇന്ന് ആഗോള അഭയാർത്ഥി ദിനം. ലോക സംഘർഷത്തിൽ നിന്നോ പീഡനങ്ങളിൽ നിന്നോ രക്ഷപ്പെടാൻ സ്വന്തം രാജ്യത്ത് നിന്ന് പലായനം ചെയ്യാൻ നിർബന്ധിതരായ ആളുകളുടെ ശക്തിയും ധൈര്യവും ആദരിക്കാനായി എല്ലാ വർഷവും ജൂൺ 20 നാണ് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ദിനാചരണം സംഘടിപ്പിക്കുന്നത്. അഭയാർത്ഥികളുമായി ബന്ധപ്പെട്ട 1951 കൺവെൻഷൻ്റെ 50-ാം വാർഷികത്തിൻ്റെ സ്മരണയ്ക്കായി 2001 ജൂൺ 20 ന് ആദ്യമായി ലോക അഭയാർത്ഥി ദിനം ആഗോളതലത്തിൽ ആചരിച്ചു. 'എല്ലാവർക്കും സ്വാഗതം' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

&&&&&&&&&&&&&&&&&&&

തമിഴ്നാട് - വ്യാജമദ്യം

തമിഴ്നാട്ടിലെ കള്ളക്കുറിച്ചിയിൽ വ്യാജമദ്യം കഴിച്ച് മരിച്ചവരുടെ എണ്ണം 33 ആയി. നൂറിലേറെ പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. 48 ഡോക്ടർമാരെ കൂടി ജില്ലാ ആശുപത്രിയിലേക്ക് അടിയന്തരമായി നിയോഗിച്ചിട്ടുണ്ട്. ഏഴ് എസ്പിമാരും 1000 പോലീസുകാരും ഉൾപ്പെടുന്ന സംഘത്തെ ദുരന്തം നടന്ന പ്രദേശത്ത് വിന്യസിച്ചു. തമിഴ്നാട് ആരോഗ്യമന്ത്രി

RNU TVPM

എം.സുബ്രഹ്മണ്യവും സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. അതേസമയം, സർക്കാരിന്റെ ജാഗ്രതക്കുറവാണ് ദുരന്തത്തിന് വഴിവച്ചതെന്ന് തമിഴ്നാട് ഗവർണർ ആർ.എൻ.രവിയും പ്രതിപക്ഷ പാർട്ടികളും വിമർശിച്ചു.

&&&&&&&&&&&&&&&&&&&

തമിഴ്നാട് - വ്യാജമദ്യം

തമിഴ്നാട്ടിലെ കള്ളക്കുറിച്ചിയിൽ വ്യാജമദ്യം കഴിച്ച് മരിച്ചവരുടെ എണ്ണം 33 ആയി. നൂറിലേറെ പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. 48 ഡോക്ടർമാരെ കൂടി ജില്ലാ ആശുപത്രിയിലേക്ക് അടിയന്തരമായി നിയോഗിച്ചിട്ടുണ്ട്. ഏഴ് എസ്പിമാരും 1000 പോലീസുകാരും ഉൾപ്പെടുന്ന സംഘത്തെ ദുരന്തം നടന്ന പ്രദേശത്ത് വിന്യസിച്ചു. തമിഴ്നാട് ആരോഗ്യമന്ത്രി എം.സുബ്രഹ്മണ്യവും സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. അതേസമയം, സർക്കാരിന്റെ ജാഗ്രതക്കുറവാണ് ദുരന്തത്തിന് വഴിവച്ചതെന്ന് തമിഴ്നാട് ഗവർണർ ആർ.എൻ.രവിയും പ്രതിപക്ഷ പാർട്ടികളും വിമർശിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&&

മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ

വ്യാജമദ്യ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. വ്യാജ മദ്യ വിൽപനയുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് പത്തു ലക്ഷം രൂപ വീതവും ചികിത്സയിൽ കഴിയുന്നവർക്ക് അൻപതിനായിരം

വീതവും സഹായ ധനം നൽകുമെന്ന് ശ്രീ സ്റ്റാലിൻ അറിയിച്ചു. സംഭവത്തിൽ തമിഴ്നാട് സർക്കാർ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

എൽ.മുരുഗൻ

തമിഴ്നാട്ടിൽ വ്യാജമദ്യ ദുരന്തം പതിവായിരിക്കുകയാണെന്നും നിരോധിത മദ്യം നിരപരാധികളുടെ ജീവനെടുക്കുകയാണെന്നും കേന്ദ്രസഹമന്ത്രി എൽ.മുരുഗൻ. മുഖ്യമന്ത്രിയും എക്സൈസ് മന്ത്രിയും പൊതുജനങ്ങളോട് മറുപടി പറയണമെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

ആലപ്പുഴ-ഇൻട്രോ

ആലപ്പുഴയിൽ കാക്കകളിലും കൊക്കുകളിലും ഉൾപ്പടെ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ കൂടുതൽ ജാഗ്രത വേണമെന്ന് ജില്ലാഭരണകൂടം. ജില്ലയിലെ വടക്കൻ മേഖലകളിൽ പ്രതിരോധത്തിന്റെ ഭാഗമായി വളർത്തു പക്ഷികളെ കൂട്ടത്തോടെ കൊല്ലുകയാണ്....

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ.....

&&&&&&&&&&&&&&&&&&

സംസ്ഥാനം - മഴ

സംസ്ഥാനത്തെ തെക്കൻ ജില്ലകളിലും വടക്കൻ മേഖലയിലും ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മറ്റന്നാൾ മൂന്ന് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്. മഴ കനക്കാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ദേശീയ ദുരന്ത പ്രതികരണ സേനയെ വിന്യസിക്കും. തമിഴ്നാട്ടിലെ NDRF ആസ്ഥാനത്ത് നിന്ന് 210 പേർ അടങ്ങുന്ന ഏഴ് സംഘം കേരളത്തിലേക്ക് പുറപ്പെട്ടു.

&&&&&&&&&&&&&&&&&&&

RNU TVPM

മുതലപ്പൊഴി

തിരുവനന്തപുരം മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു. അഞ്ചുതെങ്ങ് സ്വദേശി വിക്ടറാണ് മരിച്ചത്. അഴിമുഖത്തുണ്ടായ ശക്തമായ തിരയിൽപ്പെട്ട് വള്ളം മറിഞ്ഞാണ് അപകടം.

&&&&&&&&&&&&&&&&&&&

മുതലപ്പൊഴി - പ്രതിഷേധം

മുതലപ്പൊഴിയിൽ തുടർച്ചയായി അപകടമുണ്ടാകുന്നതിന്റെ പശ്ചാത്തലത്തിൽ പ്രതിഷേധം ശക്തം. ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ നിയമസഭാ മാർച്ച് നടത്തി. ശവ മഞ്ചവുമായാണ് മാർച്ച് നടത്തുന്നത്.

&&&&&&&&&&&&&&&&&&&

ട്വൻറി-20 ലോകകപ്പ്

ട്വൻറി-20 ലോകകപ്പ് സൂപ്പർ EIGHT ൽ ഇന്ന് ഇന്ത്യയും അഫ്ഗാനിസ്ഥാനും ഏറ്റുമുട്ടും. രാത്രി എട്ട് മണിക്കാണ് മത്സരം. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെതിരെ ഇംഗ്ലണ്ട് എട്ടു വിക്കറ്റിന് വിജയിച്ചു.

&&&&&&&&&&&&&&&&&&&

കഞ്ചാവ് വേട്ട

കോട്ടയം കുമരകത്ത് നാലു കിലോ കഞ്ചാവുമായി രണ്ടു യുവാക്കൾ പിടിയിൽ. ഒറീസയിൽ നിന്നും ട്രെയിനിൽ വില്പനയ്ക്ക് കൊണ്ടു വന്നതാണ് കഞ്ചാവെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞു. കുമരകത്തും കോട്ടയത്തിന്റെ പടിഞ്ഞാറൻ മേഖലയിലും ലഹരി മരുന്നുകളെത്തിക്കുന്ന സംഘത്തിലെ പ്രധാന കണ്ണികളാണ് പിടിയിലായത്.

RNUTVPM

&&&&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&